**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1570** **08-12-2022 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിള്‍ | | ശ്രീ വി ശിവന്‍കുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴില്‍ വകുപ്പ് മന്ത്രി) | |
| (എ) | ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ; | (എ) | ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന ശേഷം തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ മോഡല്‍ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചാക്കി നവീകരിച്ചിട്ടുണ്ട്. മോഡല്‍ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചാക്കി മാറ്റിയതിന്റെ അടിസ്ഥാനത്തില്‍ സ്മാര്‍ട്ട് കാര്‍ഡ്, ഇന്‍ഫര്‍മേഷന്‍ കിയോസ്ക്, ടോക്കണ്‍ സിസ്റ്റം എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ഹൗസിങ് ബോര്‍ഡ് കെട്ടിടത്തില്‍ പ്രവര്‍ത്തിച്ചുകൊണ്ടിരുന്ന പ്രൊഫഷണല്‍ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മേഖല എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം എന്നീ ഓഫീസുകള്‍ കെ.എസ്.ആര്‍.ടി.സി. ടെര്‍മിനലിലേക്ക് മാറ്റി നവീകരിച്ചിട്ടുണ്ട്.എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണത്തിന്റെ ഭാഗമായി സമന്വയ പദ്ധതി പ്രകാരം എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളില്‍ പ്രവര്‍ത്തിക്കുന്ന പട്ടികജാതി/ പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ടവര്‍ക്ക് വേണ്ടിയുള്ള കോച്ചിംങ് കം ഗൈഡന്‍സ് സെന്ററുകളില്‍ കമ്പ്യൂട്ടര്‍ ലാബ് സജ്ജീകരണത്തിനായുള്ള കമ്പ്യൂട്ടറുകള്‍ വിതരണം ചെയ്തിട്ടുണ്ട്. പരിശീലന ക്ലാസുകള്‍ സംഘടിപ്പിക്കുന്നതിലേയ്ക്കായി എംപ്ലോയ്മെന്റ് ഡയറക്ടറേറ്റില്‍ ഒരു ലാപ് ടോപ്പും, പ്രിന്ററും അനുവദിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വര്‍ഷം തിരുവന്തപുരം, കോഴിക്കോട് എന്നിവിടങ്ങളില്‍ പ്രവര്‍ത്തിക്കുന്ന കോച്ചിങ് കം ഗൈഡന്‍സ് സെന്ററുകളില്‍ കമ്പ്യൂട്ടര്‍ ലാബ് സജ്ജീകരണം ഉള്‍പ്പെടെയുള്ള ഭൗതിക സാഹചര്യങ്ങള്‍ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികള്‍ പുരോഗമിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ നേമം നിയോജക മണ്ഡലത്തില്‍ കരമനയിലും, തൃശ്ശൂര്‍ ജില്ലയിലെ ചേലക്കര നിയോജകമണ്ഡലത്തില്‍ മുള്ളൂര്‍ക്കരയിലും |

| | | | |
|---|---|---|---|
| | | | പുതിയതായി കരിയർ ഡവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>കേരളത്തിലെ സാമ്പ്രദായിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നവീകരിച്ച് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് www.eemployment.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. ടി പോർട്ടൽ മുഖാന്തിരം ഉദ്യോഗാർത്ഥികൾക്ക് എവിടെ നിന്നും ഏതു സമയവും വകുപ്പിന്റെ സേവനങ്ങൾ ലഭ്യമാണ്.<br><br>കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുന്നതിനും ടി ഓഫീസുകളിൽ നിന്നും നൽകുന്ന സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ കൂടുതൽ വേഗത്തിലും, കൂടുതൽ സുതാര്യമായും ലഭ്യമാക്കുന്നതിനും എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി കഴിഞ്ഞു.<br><br>ഇതിനു പുറമെ മൊബൈൽ ആപ്ലിക്കേഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് സ്മാർട്ട് കാർഡ്, ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ റെക്കോർഡുകളുടെ ഡിജിറ്റൈസേഷൻ എന്നിവയും നടപ്പിലാക്കി വരുന്നു.<br><br>കേരളത്തിലെ അഭ്യസ്ഥവിദ്യരായ തൊഴിൽ രഹിതർക്ക് സ്വകാര്യമേഖലയിലെ അനവധിയായ തൊഴിലവസരങ്ങൾ കൂടി പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടു കൂടി ഒരു പ്രൈവറ്റ് ജോബ് പോർട്ടൽ, പ്രവാസിക്ഷേമം മുൻനിർത്തി പ്രവാസികൾക്കായി ഒരു പ്രത്യേക വെർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ചുകളിലെ എന്തെല്ലാം സേവനങ്ങളാണ് ഓൺലൈനിൽ ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ; കൂടുതൽ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ? | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും തൊഴിലന്വേഷകർക്ക് ലഭ്യമായിരുന്ന രജിസ്ട്രേഷൻ, രജിസ്ട്രേഷൻ പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, വ്യക്തിഗതവിവരങ്ങളുടെ അപ്ഡേഷൻ, സീനിയോറിറ്റി ലിസ്റ്റ് തുടങ്ങിയ എല്ലാ സേവനങ്ങളും നിലവിൽ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ പോർട്ടൽ വഴി എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്. |

| | | | |
|---|---|---|---|
| | | | ഇതിനു പുറമെ കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് സ്വകാര്യമേഖലയിലെ അനവധിയായ തൊഴിലവസരങ്ങൾ കൂടി പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടു കൂടി ഒരു പ്രൈവറ്റ് ജോബ് പോർട്ടൽ, പ്രവാസിക്ഷേമം മുൻനിർത്തി പ്രവാസികൾക്കായി ഒരു പ്രത്യേക വെർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ